Kerala State Haj Committee
HAJ HOUSE, P.O. CALICUT AIRPORT,
MALAPPURAM Dist., KERALA-673 647.

Phone: 0483-2710717, 2717571
Fax: 0483 -2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com

*Ref:* H2-02/Haj-2017 *Date :* 19-03-2017.

**ഹജ്ജ് 2017 –തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള നിർദ്ദേശങ്ങൾ**

**2017 ഹജ്ജിന് നറുക്കെടുപ്പിലൂടെ തെരെഞ്ഞെടുക്കപ്പെട്ടവരുടെ കവർ നമ്പറും വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ ക്രമനമ്പറും ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.**

നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരും വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നമ്പർ **1 മുതൽ 1000–** വരെയുള്ള അപേക്ഷകരും അവരുടെ പാസ്പോർട്ടുകൾ ഒരു ഫോട്ടോ സഹിതം (3.5x3.5 white Background) 2017 **ഏപ്രിൽ 5–നകം** ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ നേരിട്ട് സമർപ്പിക്കേതാണ്.

**തെരഞ്ഞെടുക്കപ്പെട്ടവർ:–**

ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർ വിദേശ വിനിമയ സംഖ്യ/വിമാനക്കൂലിയിനത്തിൽ അഡ്വാൻസായി 81,000 രൂപ സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ/ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-യുടെ ഏതെങ്കിലും ശാഖയിൽ അതാത് അപേക്ഷകരുടെ ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച് കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ അക്കൗിൽ നിക്ഷപിച്ച് പേ-ഇൻ സ്ലിപ്പിന്റെ (HCOI കോപ്പി) ഒറിജിനലും മെഡിക്കൽ സർട്ടിഫിക്കറ്റും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് 2017 ഏപ്രിൽ **5–**നകം സമർപ്പിക്കേതാണ്. ഒരു കവറിൽ ഒന്നിൽകൂടുതൽ അപേക്ഷകരുങ്കെിൽ മുഴുവൻ പേരുടെയും തുക ഒന്നിച്ചാണ് അടക്കേത്. പേ-ഇൻ സ്ലിപ്പിന്റെ "**PILGRIM COPY**" മുഖ്യ അപേക്ഷകൻ സൂക്ഷിക്കേതാണ്. പണം അടക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളും സാങ്കേതിക പഠന ക്ലാസ്സ് സംബന്ധിച്ച വിവരങ്ങളും അതാത് ഏരിയയിലെ ഹജ്ജ് ട്രെയിനർമാർ വഴി ഓരോ കവർ ലീഡർമാരേയും അറിയിക്കുന്നതാണ്.

പണമടക്കുന്നതിന് ഓരോ കവറിനും പ്രത്യേകം ബാങ്ക് റഫറൻസ് നമ്പറുകൾ ്. ഈ ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച് മാത്രമേ പണമടക്കാവൂ. ബാങ്ക് റഫറൻസ് നമ്പറും കവർ നമ്പറും രേഖപ്പെടുത്തിയ പേ-ഇൻ സ്ലിപ്പ് ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽനിന്നും **(www.hajcommittee.gov.in, www.keralahajcommittee.org)** ലഭിക്കുന്നതാണ്. തെറ്റായ രീതിയിൽ പണമടച്ചാലുായേക്കാവുന്ന അവസര നഷ്ടത്തിന് ഹജ്ജ് കമ്മിറ്റി ഉത്തരവാദിയായിരിക്കില്ല. രേഖകൾ നിശ്ചിതസമയത്തിനകം സമർപ്പിക്കാത്തവരുടെയും, നിശ്ചിത തിയ്യതിക്കകം ബാക്കി തുക അടക്കാത്തവരുടെയും തെരഞ്ഞെടുപ്പ് ഒരറിയിപ്പും കൂടാതെ റദ്ദാകുന്നതും അത്തരം സീറ്റുകളിലേക്ക് വെയ്റ്റിംഗ് ലിസ്റ്റിലുള്ള അപേക്ഷകരെ സീനിയോറിറ്റി പ്രകാരം തെരഞ്ഞെടുക്കുന്നതുമാണ്.

വിമാനക്കൂലിയിനത്തിലും വിദേശ വിനിമയത്തിലുമുള്ള സംഖ്യയുടെ ബാക്കി തുക (രാം ഗഡു) ഹജ്ജ് കമ്മിറ്റിയിൽ നിന്നുള്ള അറിയിപ്പനുസരിച്ച് പിന്നീട് അടയ്ക്കേതാണ്. ആയതിനുള്ള പേ-ഇൻ സ്ലിപ്പും ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ അതാത് സമയം ലഭ്യമാകുന്നതും ട്രെയിനർമാർ മുഖേന വിവരം അറിയിക്കുന്നതുമാണ്. ഹജ്ജ് സംബന്ധമായ എല്ലാ വിവരങ്ങളും അറിയിക്കുന്നതിനും ഹാജിമാർക്ക് വേുന്ന ഉപദേശങ്ങളും മാർഗനിർദേശങ്ങളും നൽകുന്നതിനും രാം ഗഡുവായി അടക്കേുന്ന തുക, ഹജ്ജ് ക്ലാസ്സ്, കുത്തിവെപ്പ്, യാത്രാതിയ്യതി തുടങ്ങിയ കാര്യങ്ങൾ ഹാജിമാരെ അറിയിക്കുന്നതിനും ഹജ്ജ് കമ്മിറ്റി ഓരോ പ്രദേശത്തും ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടു്. ഹജ്ജുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും അവരവരുടെ പ്രദേശത്തുള്ള ട്രെയിനറെ ബന്ധപ്പെടേതാണ്. ഓരോ പ്രദേശത്തേയും ഹജ്ജ് ഫീൽഡ് ട്രെയിനർമാരുടെ പേരും ഫോൺ നമ്പറും അതത് ജില്ലാ ട്രെയിനർമാരിൽ നിന്നും വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ജില്ലാ ട്രെയിനർമാരുടെ പേരും മൊബൈൽ നമ്പറും താഴെ നൽകുന്നു.

| ജില്ലാ ട്രെയിനർമാർ:- | | ജില്ല | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | സൈനുദ്ധീൻ എൻ.പി. | കാസർഗോഡ്. | 9645878877, 9446640644 |
| 2 | സുബൈർ ഹാജി സി.കെ. | കണ്ണൂർ. | 9447282674 |
| 3 | എൻ. കെ. മുസ്തഫ ഹാജി | വയനാട്. | 9447345377 |
| 4 | ഷാനവാസ് കുറുമ്പൊയിൽ | കോഴിക്കോട്. | 9847857654 |
| 5 | മുഹമ്മദലി കണ്ണിയൻ | മലപ്പുറം. | 9496365285 |
| 6 | കെ. മുബാറക്ക് | പാലക്കാട്. | 9846403786 |
| 7 | ഹബീബ് കെ. | തൃശ്ശൂർ. | 9446062928 |
| 8 | മുസ്തഫ ടി. മുത്തു | എറണാകുളം. | **9447719082** |
| 9 | അബ്ദുൽ റസാഖ് വി.കെ. | ഇടുക്കി | 9037315051, 9447210474 |
| 10 | കുഞ്ഞുമുഹമ്മദ് ഇ.കെ. | കോട്ടയം. | **9048071116** |
| 11 | ഷഫിഖ് സി.എം. | ആലപ്പുഴ. | 9946171234 |
| 12 | നാസർ എം. - | പത്തനംതിട്ട. | 9495661510 |
| 13 | നിസാമുദ്ധീൻ ഇ. | കൊല്ലം. | 9496466649, 8547766751 |
| 14 | മുഹമ്മദ് യൂസഫ് | തിരുവനന്തപുരം. | 9895648856 |
| മാസ്റ്റർ ട്രെയിനർമാർ. | | | |
| 1 | കെ.ടി. അബ്ദുറഹിമാൻ | | 9995884203 |
| 2 | നിഷാദ് പി.എ. | | 9447116584. |

(ഒപ്പ്)
അസിസ്റ്റന്റ് സെക്രട്ടറി
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി